**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1709** **08-10-2021 - ൽ മറുപടിയ്ക്ക്**

**വയോജനങ്ങൾക്കായുള്ള സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തെ ബാരിയർ ഫ്രീ സംസ്ഥാനമാക്കുവാൻ സർക്കാർ നടത്തുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | (എ) കേരളത്തെ ബാരിയർ ഫ്രീ സംസ്ഥാനമാക്കുവാൻ ബാരിയർ ഫ്രീ കേരള, ആക്സസബിൾ ഇന്ത്യ ക്യാമ്പയിൻ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 1) ബാരിയർഫ്രീ കേരള പദ്ധതി - ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും അവകാശ അധിഷ്ഠിത സാമൂഹികമുന്നേറ്റം ഉറപ്പിക്കുന്നതിനും ഭിന്നശേഷിക്കാരുടെ സഞ്ചാരത്തിന് അനുയോജ്യമായ പൊതുജനസേവനം നൽകുന്ന കെട്ടിടങ്ങൾ, സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി പ്രതിബന്ധമുക്തമാക്കുന്നതിനും ലക്ഷ്യമിടുന്ന പദ്ധതിയാണ് ബാരിയർഫ്രീ കേരള പദ്ധതി. അപ്രകാരം ഭിന്നശേഷിക്കാരുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പൊതു കെട്ടിടങ്ങളിലും അവയിൽ റാമ്പുകൾ, കൈവരികൾ, തടസ്സങ്ങളില്ലാത്ത ലിഫ്റ്റുകൾ, വിശ്രമ മുറികൾ, ശൗച്യാലയങ്ങൾ, ബ്രെയിലി ലിപിയിലെ പ്രത്യേക ചിഹ്നങ്ങൾ, ഇതുപോലുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഇതുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കണ്ണൂർ ജില്ലയെ സമ്പൂർണ്ണ ഭിന്നശേഷി സൗഹൃദ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്. 2) ആക്സസബിൾ ഇന്ത്യ ക്യാമ്പയിൻ പദ്ധതി - കേന്ദ്ര ഗവൺമെന്റിന്റെ ആക്സസബിൾ ഇന്ത്യ ക്യാമ്പയിൻ പദ്ധതിയുടെ ആത്യന്തിക ലക്ഷ്യമെന്നത് ഭിന്നശേഷിക്കാർക്ക് അവരുടെ ഭൗതിക സാഹചര്യങ്ങൾ, പൊതുനിരത്തുകൾ, വാഹനങ്ങൾ, വിവരസാങ്കേതികവിദ്യ എന്നിവ |

| | | | |
|---|---|---|---|
| | | | സൗഹൃദപരമാക്കുക എന്നതാണ്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം സിറ്റിയിലെ 28 പൊതുകെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിലേക്കായി 4,29,98,000/- (നാല് കോടി ഇരുപത്തിയൊമ്പത് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരം രൂപ മാത്രം) തിരുവനന്തപുരം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർക്ക് അനുവദിച്ച നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ രണ്ടാംഘട്ടമായി തിരവനന്തപുരം സിറ്റിയിലെ 23 പൊതു ഇടങ്ങൾ കൂടി ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടികൾ നടന്നു വരുന്നു. |
| (ബി) | കേരളത്തിലെ വയോജനങ്ങൾക്ക് സേവനങ്ങൾ വാതിൽപ്പടിയിൽ നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | വയോജനങ്ങൾക്ക് വീട്ടുപടിക്കൽ സേവനങ്ങൾ എത്തിക്കുന്നതിന്റെ ആദ്യഘട്ടമായി മസ്റ്ററിംഗ് ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യ സുരക്ഷവയോജനങ്ങൾക്ക് വീട്ടുപടിക്കൽ സേവനങ്ങൾ എത്തിക്കുന്നതിന്റെ ആദ്യഘട്ടമായി മസ്റ്ററിംഗ് ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യ സുരക്ഷ പെൻഷൻ, CMDRF സഹായം, ജീവൻ രക്ഷ മരുന്ന് എന്നിവ വീട്ടുപടിക്കൽ എത്തിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വാതിൽപ്പടി സേവനപദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് 50 LSGI - ൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കുന്ന സഹജീവനം പദ്ധതിയുടെ ഭാഗമായി, പ്രവർത്തിക്കുന്ന ജീവനക്കാർ/വാളണ്ടിയർമാർ, വയോജനങ്ങൾക്കായി പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ ജീവനക്കാർ, മെയിൻന്റനൻസ് ട്രൈബ്യൂണൽ ടെക്നിക്കൽ അസിസ്റ്റന്റുമാർ എന്നിവർക്ക് പരിശീലനം നൽകി ഇവരുടെ സേവനം വിനിയോഗിക്കുന്നതിന് പദ്ധതി നോഡൽ ഓഫീസറായ ലൈഫ് മിഷൻ കേരള ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദേശം നൽകിയിട്ടുണ്ട്. |
| (സി) | വയോജന സർവ്വേ പൂർത്തീകരിച്ചിട്ടുണ്ടോ; അറിയിക്കുമോ? | (സി) | (സി) വയോജന സർവ്വേ സാമൂഹ്യ നീതി വകുപ്പ് മുഖേന നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ